പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2902 | 18.06.2019-ൽ മറുപടിക്ക്

**റാന്നി വലിയ പാലം**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) റാന്നിയിൽ പുതുതായി നിർമ്മിക്കുന്ന വലിയ പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; എന്നത്തേക്ക് നിർമ്മാണം പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കുമോ; | (എ) പാലത്തിന്റെ നദിയിലുള്ള രണ്ട് തൂണുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. നദിയിലുള്ള ഓപ്പൺ ഫൗണ്ടേഷൻ ജലനിരപ്പുയർന്ന് നിന്നതു മൂലം ആരംഭിക്കാൻ സാധിച്ചിട്ടില്ല. കരഭാഗത്തുള്ള ഫൗണ്ടേഷൻ പണികൾ പുരോഗമിക്കുന്നു. ഈ പ്രവൃത്തി 28.07.2020-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) ഇതിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി എന്തെങ്കിലും തടസങ്ങൾ ഉണ്ടോ; ഭൂമി വിട്ടുകിട്ടുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>(സി) ഭൂമി വിട്ടുകിട്ടുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) & (സി) അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഏറ്റെടുക്കേണ്ട വസ്തുക്കളുടെ പൂർണ്ണമായ സർവ്വേ നമ്പരുകൾ റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഭൂമി വിട്ടുകിട്ടുന്നതിനായി സർവ്വേ നമ്പരുകൾ ലഭ്യമാക്കിയാൽ മാത്രമേ ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ